## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .2183

10/10/2011 ൽ മറുപടിയ്ക്ക്

### ഫയലുകളിൽ തീർപ്പുകല്പിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ലൂഡി ലൂയിസ്.<br>ശ്രീ. പാലോട് രവി.<br>ശ്രീ. എ .റ്റി. ജോർജ്. | ശ്രീ. പി .ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭവ വകുപ്പ്, കെ.ഡബ്ല്യു. എ.എന്നിവയുടെ കീഴിലുള്ള ഫയലുകളിൽ തീർപ്പുകല്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ജലസേചന വകുപ്പിലും കേരള വാട്ടർ അതോറിറ്റിയിലും പെൻഡിംഗ് ഫയലുകളുടെ ഊർജ്ജിത തീർപ്പാക്കൽ പരിപാടി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി നിയമ നടപടികളുള്ള ഫയലുകൾ ഒഴികെ സർക്കാർ തലത്തിലും, വിവിധ വകുപ്പു മേധാവികളുടെ തലത്തിലും ധാരാളം പെൻഡിംഗ് ഫയലുകൾ ഇതിനകം തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കൽ നടപടിയുടെ പുരോഗതി റിപ്പോർട്ട് അവലോകനത്തിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ യഥാസമയം നൽകിയിട്ടുണ്ട്.<br>സർക്കാർ തലത്തിലും വിവിധ വകു മേധാവികളുടെ തലത്തിലും ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പ് തലവൻമാരെ പങ്കെടുപ്പിച്ച് കൊണ്ട് അവലോകനം നടത്തി പ്രസ്തുത ഫയലുകൾകൂടി തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ബി) | ഫയലുകൾ തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് അദാലത്ത് നടത്തുവാൻ തയ്യാറാകുമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | എങ്കിൽ ഇതിന്റെ പ്രവർത്തന രീതിയും വിശദാംശങ്ങളും വിശദമാക്കുമോ. | സി) | |
| ഡി) | അദാലത്തു നടത്തുവാനുള്ള നേതൃത്വം ആരെയൊക്കെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നത്? | ഡി) | |

സെക്ഷൻ ഓഫീസർ